പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1583 21.1.2014-ൽ മറുപടിക്ക്

നഗരങ്ങളിലെ മാലിന്യസംസ്ക്കരണം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മാലിന്യ സംസ്ക്കരണത്തിനു വേണ്ടി സർക്കാർ നേരിട്ട് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും അവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

ബി) ഇതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ;

സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ?

എ) ബി) & സി) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന തരത്തിൽ തിരുവനന്തപുരത്തും, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരസഭകളിൽ ആധുനിക പ്ലാന്റുകൾ സ്ഥാപിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുക്കുകയും ആയത് പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ശുചിത്വമിഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ ഒരു പൈലറ്റ് പ്രോജക്ടും കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗരസഭകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്ക് പരിചയ സമ്പന്നരായ ഏജൻസികളിൽ നിന്നും യോഗ്യതാ നിർണ്ണയ ദർഘാസ് ക്ഷണിക്കുകയുണ്ടായി. തിരുവനന്തപുരം നഗരസഭയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച പൈലറ്റ് പ്രോജക്ടിന് വേണ്ടി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുകയും കൺസെഷൻ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ തെരഞ്ഞെടുത്ത ഏജൻസി സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീ

കരിക്കാത്തതിന്റെ കാരണത്താൽ ടി കൺസെഷൻ എഗ്രിമെന്റ് റദ്ദു ചെയ്യുകയുണ്ടായി. തുടർന്ന് തിരുവനന്തപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് യഥാക്രമം KSIDC-യെ ചുമതലപ്പെടുത്തുകയും കൊച്ചിയിൽ പ്ലാന്റ് സ്ഥാപിക്കാൻ കൊച്ചി നഗരസഭയെ സഹായിക്കാനായി KITCO-യെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുകയും ശുചിത്വമിഷനെ സാങ്കേതിക സഹായം നൽകാനായി ചുമതലപ്പെടുത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ